<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1759</u> <u>05-07-2022 - ൽ മറുപടിയ്ക്ക്</u>

<u>എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പുനരധിവാസ കേന്ദ്രങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീമതി.ഉമ തോമസ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ കണക്കുകൾ പ്രകാരം നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹരായ എൻഡോസൾഫാൻ ദുരിതബാധിതരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ; ഇതിൽ എത്ര പേർക്ക് നാളിതുവരെ നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും എത്ര പേർക്ക് നൽകുവാൻ ശേഷിക്കുന്നുണ്ടെന്നും ആയത് എന്നത്തേക്ക് നൽകുവാൻ കഴിയുമെന്നും അറിയിക്കുമോ; | (എ) | എൻഡോസൾഫാൻ ദുരിതബാധിത ലിസ്റ്റിൽ ആകെ 6727 പേർ ഉൾപ്പെട്ടിട്ടുണ്ട്. അതിൽ 102 പേർ അനർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. 24.06.2022 വരെ 3204 പേർക്ക് 5 ലക്ഷം രൂപ വീതവും 977 പേർക്ക് 3 ലക്ഷം രൂപ വീതവും നൽകിയിട്ടുണ്ട്. ഇനി 2444 പേർക്ക് 5 ലക്ഷം രൂപ വീതവും 977 പേർക്ക് 2 ലക്ഷം രൂപ വീതവും നൽകുവാനുണ്ട്.<br><br>ദുരിതബാധിതലിസ്റ്റിൽ ഉൾപ്പെട്ടവർക്കും അർഹതാപരിശോധനയ്ക്ക് വിധേയമായി അടിയന്തരമായി നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | എൻഡോസൾഫാൻ ദുരിതബാധിതർക്കായി സർക്കാർ മേഖലയിൽ എത്ര പുനരധിവാസ കേന്ദ്രങ്ങൾ കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | (ബി) | നിലവിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കായി സർക്കാർ പുനരധിവാസ കേന്ദ്രങ്ങൾ ഇല്ല. എന്നാൽ, മൂളിയാർ ഗ്രാമപഞ്ചായത്തിൽ 25 ഏക്കർ സ്ഥലത്ത് വിശാലമായ ഒരു പുനരധിവാസ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | എൻഡോസൾഫാൻ ദുരിതബാധിതയായ മകളെ കൊലപ്പെടുത്തി അമ്മ ജീവനൊടുക്കിയ സംഭവം ഗൗരവമായി കാണുന്നുണ്ടോ; ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (സി) | ഗൗരവമായി കാണുന്നുണ്ട്. എൻഡോസൾഫാൻ ഇരകൾക്ക് നീതി ഉറപ്പാക്കുന്നതിനായി 5 ലക്ഷം രൂപ വീതം നഷ്ടപരിഹാരധനസഹായം, പെൻഷൻ, ചികിൽസാ സഹായം, ദുരിതബാധിതരെ പരിചരിയ്ക്കുന്നവർക്ക് ആശ്വാസകിരണം ധനസഹായം, ഭവന പദ്ധതി, ബാങ്ക് വായ്പ എഴുതിതള്ളൽ, കുട്ടികൾക്ക് സ്കോളർഷിപ്പ്, എന്നീ ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതർക്കായുള്ള മൂളിയാർ പുനരധിവാസ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ |

| | | | |
|---|---|---|---|
| | | | പുനരധിവാസത്തിനായി പ്രവർത്തിയ്ക്കുന്ന ബഡ്സ് സ്കൂളുകൾ സാമൂഹ്യനീതി വകുപ്പ് ഏറ്റെടുത്ത് മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററായി ഉയർത്തുന്നതിന് തീരുമാനിയ്ക്കുകയും സാമൂഹ്യനീതി വകുപ്പിന് കൈമാറി കിട്ടിയ 6 ബഡ്സ് സ്കൂളുകളിൽ ആവശ്യമായ ജീവനക്കാരെയും ഉപകരണങ്ങളും കേരള സാമൂഹ്യസുരക്ഷാ മിഷൻ വഴി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | രോഗികളായ മക്കളെ സുരക്ഷിതമായി ഏൽപ്പിച്ച് തൊഴിൽ തേടുന്നതിനുള്ള സാഹചര്യങ്ങൾ ഇല്ലാത്തതും തങ്ങളുടെ മരണ ശേഷം കുഞ്ഞുങ്ങൾ എങ്ങനെ ജീവിക്കുമെന്ന ആശങ്കയുമാണോ രക്ഷിതാക്കളെ ഇപ്രകാരമുള്ള നടപടികൾക്കു പ്രേരിപ്പിക്കുന്നത് എന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ; | (ഡി) | എൻഡോസൾഫാൻ ദുരിതബാധിതർക്ക് നീതി ഉറപ്പാക്കുന്നതിനായി 5 ലക്ഷം രൂപ വീതം നഷ്ടപരിഹാരധനസഹായം, പെൻഷൻ, ചികിൽസാ സഹായം, ദുരിതബാധിതരെ പരിചരിയ്ക്കുന്നവർക്ക് ആശ്വാസകിരണം ധനസഹായം, ഭവന പദ്ധതി, ബാങ്ക് വായ്പ എഴുതിതള്ളൽ, കുട്ടികൾക്ക് സ്കോളർഷിപ്പ്, എന്നീ ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായി പ്രവർത്തിയ്ക്കുന്ന ബഡ്സ് സ്കൂളുകൾ സാമൂഹ്യനീതി വകുപ്പ് ഏറ്റെടുത്ത് മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററായി ഉയർത്തുന്നതിന് തീരുമാനിയ്ക്കുകയും സാമൂഹ്യനീതി വകുപ്പിന് കൈമാറി കിട്ടിയ 6 ബഡ്സ് സ്കൂളുകളിൽ ആവശ്യമായ ജീവനക്കാരെയും ഉപകരണങ്ങളും കേരള സാമൂഹ്യസുരക്ഷാ മിഷൻ വഴി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരെ പുനരധിവസിപ്പിയ്ക്കുന്നതിനായുള്ള മുളിയാർ പുനരധിവാസ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ഇ) | സർക്കാർ മേഖലയിൽ ആവശ്യത്തിന് പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ട് എൻഡോസൾഫാൻ ദുരിതബാധിതരെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ഇ) | എൻഡോസൾഫാൻ ദുരിതബാധിതർക്കായി മുളിയാർ ഗ്രാമപഞ്ചായത്തിൽ 25 ഏക്കർ സ്ഥലത്ത് വിശാലമായ ഒരു പുനരധിവാസ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ